# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട — 04.07.2012-ൽ മറുപടിക്ക്

ചോദ്യം നമ്പർ .475

## മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

ചോദ്യം — മറുപടി

| | | | |
|---|---|---|---|
| | ശ്രീ. എ. റ്റി. ജോർജ്<br>,, വി. പി. സജീന്ദ്രൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനുള്ള എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (എ) | 1986 മുതൽ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളേയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഇൻഷ്വറൻസ് പ്രീമിയമായി തുകയൊന്നും ഗുണഭോക്താവിൽ നിന്നും ഈടാക്കുന്നില്ല.<br>അപകട മരണത്തിനും, കാണാതാകലിനും, അവശതയ്ക്കും നൽകി വരുന്ന 2 ലക്ഷം രൂപ 2011-12 സാമ്പത്തിക വർഷം 3 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.<br>ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കും ലഭിക്കുന്ന ധനസഹായം താഴെ പറയും പ്രകാരമാണ്.<br>1. അപകട മരണം : 3 ലക്ഷം രൂപ<br>2. മത്സ്യബന്ധന വേളയിൽ അപകടം മൂലം കാണാതാകൽ : 3 ലക്ഷം രൂപ<br>3. സ്ഥിരവും പൂർണ്ണവുമായ അവശത : 3 ലക്ഷം രൂപ<br>4. സ്ഥിരവും ഭാഗികവുമായ അവശത : 1.5 ലക്ഷം രൂപ<br>5. മരണമടഞ്ഞയാളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം :പരമാവധി 10,000/- രൂപ |

| | | | |
|---|---|---|---|
| | | | 6.ആശുപത്രി ചികിൽസാ സഹായം :20000 രൂപ<br>7.ശവസംസ്കാര ചടങ്ങിന് സഹായം :2000 രൂപ |
| (ബി) | മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ ഈ സർക്കാരിന്റെ കാലത്ത് ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ; | (ബി) | നിലവിലുണ്ട്. 2011-12 സാമ്പത്തിക വർഷം പ്രീമിയം അടയ്ക്കുന്നതിനായി 2,38,466 സജീവ മത്സ്യത്തൊഴിലാളികൾക്ക് 137.88 രൂപ നിരക്കിൽ 3,28,79,692/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ 3 ലക്ഷം രൂപ നൽകുന്ന പദ്ധതി തെരഞ്ഞെടുത്തതിനാൽ അധികം വേണ്ടി വരുന്ന പ്രീമിയം തുക അടയ്ക്കുന്നതിനായി 2012-13 വർഷം 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | ഗ്രൂപ്പ് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണ്; | (സി) | ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ട്.<br>അപകടമരണമുണ്ടായാലുടനെത്തന്നെ വിവരം പോലീസ് സ്റ്റേഷനിലും മത്സ്യബോർഡ് ഫിഷറീസ് ഓഫീസറെയും അറിയിക്കേണ്ടതുണ്ട്. നഷ്ടപരിഹാരത്തുക ലഭിക്കുന്നതിന് നിശ്ചിത ഫാറത്തിൽ ആവശ്യമായ സർട്ടിഫിക്കറ്റുകൾ സഹിതം കഴിയുന്നത്ര വേഗം അപേക്ഷ തയ്യാറാക്കി ഫിഷറീസ് ഓഫീസർക്ക് നൽകേണ്ടതുണ്ട്. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതുണ്ട്.<br>മരണമാണെങ്കിൽ;-<br>1) മരണ സർട്ടിഫിക്കറ്റ് - അസ്സൽ<br>2) പോലീസ് സ്റ്റേഷനിലെ പ്രഥമ വിവര റിപ്പോർട്ടിന്റെ (എഫ്.ഐ.ആർ) പകർപ്പ്.<br>3) പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റിന്റെ ഇൻക്വസ്റ്റ് റിപ്പോർട്ടിന്റെ പകർപ്പ്<br>4) പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ശരീരഭാഗങ്ങൾ രാസ പരിശോധനക്കായി അയച്ചിരിക്കുന്നതായി രേഖപ്പെടുത്തിയാൽ രാസ പരിശോധന റിപ്പോർട്ടും സമർപ്പിക്കേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| | | | അവശതയാണെങ്കിൽ:-<br>1) ആശുപത്രി കേസ് സർട്ടിഫിക്കറ്റ്.<br>2) ഡോക്ടറുടെ സർട്ടിഫിക്കറ്റ് നിശ്ചിത ഫാറത്തിൽ.<br><br>അപകടം മൂലം കാണാതാവുകയാണെങ്കിൽ :-<br>1) പോലീസ് സ്റ്റേഷനിൽ നിന്നുള്ള റിപ്പോർട്ട്.<br>2) കളക്ടർ/ആർ.ഡി.ഒ. നൽകുന്ന സർട്ടിഫിക്കറ്റ്<br>3) മാർഗ്ഗരേഖ പ്രകാരമുള്ള അവകാശികളുടെ സത്യപ്രസ്താവന നോട്ടറി സാക്ഷ്യപ്പെടുത്തിയത്. |
| (ഡി) | ഈയിനത്തിൽ കൂടുതൽ തുക വകയിരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ? | (ഡി) | ഈ സാമ്പത്തിക വർഷം മത്സ്യത്തൊഴിലാളികളുടെ ഗ്രൂപ്പ് ഇൻഷ്വറൻസിനായി 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ